പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : childrights.cpcr@kerala.gov.in

16.08.2021

**കുട്ടികൾക്കായുള്ള ഓൺലൈൻ സുരക്ഷാ ക്രമീകരണത്തിന് സംസ്ഥാനതല കൂടിയാലോചനാ യോഗം – ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ചു.**

കോവിഡ്–19 സാഹചര്യത്തിൽ കുട്ടികളുടെ പഠനം ഓൺലൈനിലൂടെ മാത്ര മാണ് നടന്നു വരുന്നത്. കുട്ടികൾ സൈബർ അധിഷ്ഠിത സാങ്കേതിക വിദ്യ ഭയമി ല്ലാതെ ശരിയായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഉപയോഗിക്കാൻ കഴിയുന്നതിനും ഇതിന്റെ അപകട സാധ്യതയെ കുറിച്ച് ബോധവത്കരണം നൽകേണ്ടത് അത്യാവശ്യ മാണ്.

ഓൺലൈൻ പ്ലാറ്റ്ഫോം വഴി കുട്ടികൾക്കായി ക്ലാസ്സുകൾ ഓരോ സ്കൂളുകൾ സംഘടിപ്പിക്കുമ്പോൾ ആ ലിങ്ക് ദുരുപയോഗം ചെയ്യുന്ന വ്യക്തികൾക്ക് ലഭിക്കുകയും അത് വഴി ക്ലാസ്സുകൾക്ക് ശല്യമായി തീരുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കു ന്നതായും കൂടാതെ അദ്ധ്യാപകർ എന്ന വ്യാജേന അശ്ലീല ചുവയോടു കൂടി കുട്ടിക ളോട് സംസാരിക്കുന്നതായും പരാതികൾ ലഭിക്കുന്നു, ഓൺലൈൻ ഗെയിമുകൾ, സോഷ്യൽ മീഡിയകളുടെ ദുരുപയോഗം, കുട്ടികളുടെ ഇടയിൽ കാണുന്ന ഇതര സൈബർ കുറ്റകൃത്യങ്ങൾ ഇവയെല്ലാം വകുപ്പ് പ്രതിനിധികൾ പ്രധാനമായും ചൂണ്ടി കാട്ടി. നിലവിലുള്ള സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്കും രക്ഷ കർത്താക്കൾക്കും അദ്ധ്യാപകർക്കും സമൂഹത്തിനും ഓൺലൈൻ മാധ്യമങ്ങൾ ഉപ യോഗിക്കുന്നതിനു വേണ്ട പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കുവാൻ കമ്മീഷൻ തീരുമാ നിച്ചു. സൈബർ മേഖലയിൽ കുട്ടികൾക്കായി നടത്തുന്ന വകുപ്പുതല ക്രോഡീകര ണം നടത്തുന്നത് ആവശ്യമാണെന്ന് കമ്മീഷന് ബോധ്യപ്പെടുകയും വിവിധതലങ്ങളി ലുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീക രിക്കുവാൻ വകുപ്പുകളോട് കമ്മീഷൻ ആവശ്യപ്പെടുകയും ചെയ്തു.

ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീ. സി. വിജയകുമാറിന്റെ അധ്യക്ഷതയിൽ കൂടിയ പരിപാടിയുടെ ഉത്ഘാടന കർമ്മം നിർവഹിച്ചത് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ്കുമാർ ആണ്. കമ്മീഷൻ അംഗങ്ങളായ ശ്രീ. കെ. നസീർ, ശ്യാമളാദേവി പി.പി, ഫാദർ ഫിലിപ്പ് പരക്കാട്ട് പി.വി, ശ്രീമതി ബബിത ബി. എന്നിവർ സന്നിഹിതരായിരുന്നു. വിവിധ വകുപ്പുകളുടെ അടിസ്ഥാനത്തിൽ സ്ഥീകരിക്കേണ്ട നടപടികളുടെ ഭാഗമായി വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ ശ്രീമതി അനുപമ ടി.വി. IAS, സാമൂഹ്യ നീതി വകുപ്പ്, ജോയിന്റ് സെക്രട്ടറി ശ്രീമതി ജലജ എസ്., പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും എ.ഡി.പി.ഐ. ശ്രീ. ഷൈൻമോൻ, വിവര സാങ്കേതിക വകുപ്പ് പ്രതിനിധി ജോയിന്റ് സെക്രട്ടറി ശ്രീ. പ്രകാശ് സി.വി., സൈബർ ഡോം നോഡൽ ഓഫീസറിനെ പ്രതിനിധീകരിച്ച് ശ്രീ. ശ്യാംകുമാർ, ഹൈടെക്ക് സെൽ അഡീഷണൽ എസ്.പി. ശ്രീ. ബിജുമോൻ, ആരോഗ്യ വകുപ്പ് ഡയറക്ടറെ പ്രതിനിധീകരിച്ച് ഡോ. സന്ദീപ് ആർ., സൈക്യാട്രിസ്റ്റും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. അരുൺ ബി. നായർ, സൈബർ ഫോറൻസിക് എക്സ്പേർട്ട് ഡോ. വിനോദ് ഭട്ടതിരിപ്പാട് എന്നിവർ ഈ കൂടിയാലോചനാ യോഗത്തിൽ സംസാരിച്ചു.